

# ഇതൾ

**A Unit Of Sahodaran Memorial high School Cherai**

# INDEX


| | | Page No |
|---|---|---|
| 1. | ജീവിതത്തിന്റെ മനോനില | 2 |
| 2. | പ്രളയം | 3 |
| 3. | സമൃദ്ധിയുടെ ലോകം | 4 |
| 4. | ഒഴുകാൻ മറന്നപുഴ ഇന്നത്തെ അവസ്ഥ | 5 |
| 5. | മാണിക്യവീണ | 6 |
| 6. | കോപ്പിയടി | 7 |
| 7. | പ്രളയത്തിൽ മുങ്ങിയകേരളം | 8 |
| 8. | കേളികൊട്ട് | 9 |
| 9. | അക്ഷരം | 10 |
| 10. | ദുഷ്ടതയുടെ ഫലം | 11 |
| 11. | വിശപ്പിന്റെ വിളി | 12 |
| 12. | ദൈവത്തിന്റെ മുഖം | 13 |
| 13. | കഥ | 14 |
| 14. | കഥ | 15 |
| 15. | എങ്ങുപോയി? | 16 |

# ജീവിതത്തിന്റെ മനോനില

വിജയിക്കുന്നവരിലൊക്കെ അസാധാരണമായ എന്തോ ഉണ്ടെന്നാണ് നമ്മുടെയൊക്കെ ധാരണ. അവരും സാധാരണക്കാരാണ്. ചെറിയൊരു വ്യത്യാസമാണുള്ളത് അവർ അവരുടെ ചിന്തകളെ ആശ്രയിക്കുന്നു എന്നതാണ്. അവരെല്ലാം തന്നെ സ്വപ്നങ്ങൾ കാണുന്നു. ആ സ്വപ്നങ്ങൾ ശരീരത്തേയും മാംസപേശികളെയും സ്വാധീനിക്കുന്നു. അങ്ങനെ അവരുടെ പ്രവൃത്തികളെ അവർ വിജയത്തിലെത്തിക്കുന്നു.

ജീവിതത്തിൽ എന്തു സംഭവിക്കുന്നു എന്നതിനേക്കാൾ നാം അതിനെ എങ്ങനെ നേരിടുന്നു എന്നതാണ് പ്രധാനം. പരാജയങ്ങളെ പരാജയങ്ങളായി കണ്ടാൽ പ്രശ്നമാകും. അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടു പോകാനുള്ള അവസരമായി കരുതണം.

പവിത്ര യു.വി

# പ്രളയം

മലയാളക്കരയിലെ ആയിരങ്ങൾ മനംനൊന്ത് നിലവിളിച്ച നിമിഷങ്ങൾ താഴ്ന്ന പ്രദേശങ്ങളിൽ ജല പ്രളയം നിർത്തമാടി. ദേശമെങ്ങും നിലവിളി ഉയർന്നു ഒരിക്കലും കയറിലെന്ന് തറപ്പിച്ചു പറഞ്ഞിരുന്ന സ്ഥലങ്ങളിൽ കണക്കുകൂട്ടലുകൾ തകിടം മറിച്ച് വെള്ളം ഇരമ്പിയെത്തി. ഒന്നാം നിലമാത്രമുള്ളവർ രക്ഷ പ്പെട്ടു. രണ്ടാം നിലയുള്ളവർ മുകളിൽ കുടുങ്ങി. ദിവസങ്ങളോളം കുടിവെള്ളത്തിനും ആഹാരത്തിനും വല ഞ്ഞു. കൈകുഞ്ഞുകളും വാർദ്ധക്യം ചെന്നവരും രോഗികളും എന്നിങ്ങനെ അവശരും ക്ഷീണിതരും ഓടി രക്ഷപ്പെടാൻ കഴിയാതെ പകച്ചുനിന്നു. നാവികസേവനയുടെ ഹെലികോപ്റ്റർ പലരേയും രക്ഷപ്പെടുത്തി. മത്സ്യത്തൊഴിലാളികൾ അവരുടെ വള്ളങ്ങളിൽ 70,000 ത്തിലധികം ആളുകളെ രക്ഷിച്ചു. പെരുവെള്ളം ഇര ച്ചുകയറിയപ്പോൾ അതിനൊപ്പം സ്വദേശികളും വിദേശത്തുമായി ആയിരങ്ങളുടെ മനസ്സിൽ ആധിയും വേവലാധിയും ഇളക്കിമറിഞ്ഞു, ആറും തോടും റോഡും പാടങ്ങളും ഒരു പൊലെയായി. ആരും കയറാതെ കെട്ടിയ മതിൽക്കെട്ടുകളൊക്കെ വെള്ളം തകർത്തെറിഞ്ഞു. രക്ഷാപ്രവർത്തനം ധ്രുതഗതിയിലായി. സോഷ്യൽ മീഡിയയിൽ പലരും നിർദേശങ്ങൾ കൈമാറി. ഇലക്ട്രിസിറ്റി ഇല്ലാതായതും ഫോൺ സന്ദേശം നിശ്ചലമാ യതും പലർക്കും ഇരുട്ടടിയായി. ജാതിയും മതവും വർഗ്ഗവും നോക്കാതെ പലരും രക്ഷകരായി വെളിപ്പെട്ടു യഥാർത്ഥ സ്നേഹം ആരുടെയെല്ലാം ഹൃദയത്തിലുണ്ടെന്ന് പ്രളയം നമ്മെ പഠിപ്പിച്ചു. രാവും പകലും മറ്റുള്ള വർക്കുവേണ്ടി സഹായഹസ്തം നീട്ടുവാൻ ഓടിനടന്നവർ ഓർമകളുടെ സ്മൃതി പഥങ്ങളിൽ മായാതെ നില്ക്കുന്നു. വൈദ്യുതിയില്ലാതെയുംഫോൺ ഉപയോഗിക്കാതെയും, കിട്ടുന്ന ആഹാരം പങ്കുവെച്ചു കഴി ക്കാനും പ്രളയം നമ്മെ പഠിപ്പിച്ചു. പ്രകൃതിയുടെ വ്യവസ്ഥകളെ വെല്ലുവിളിച്ച് ഇവിടുത്തെ വൻകിട ഭൂമാഫി യകൾ മണ്ണും കല്ലും വിറ്റ് പണമാക്കി പ്രകൃതി പ്രതികരിക്കാൻതുടങ്ങി. പുഴകളും തോടുകളും വനങ്ങളും കൈയ്യേറി അനധികൃത നിർമ്മാണങ്ങൾ നടത്തി. നെൽപ്പാടങ്ങൾ നികത്തി വൻകിട ഫ്ളാറ്റുകൾ നിർമ്മിച്ചു. അതിന്റെയൊക്കെ പ്രത്യാഘാതങ്ങൾ എന്താണെന്ന് പ്രളയം നമ്മെ പഠിപ്പിച്ചു. പണമുള്ളത്തിന്റെ അഹന്തയും ഹുങ്കും പാവപ്പെട്ട വനോടുള്ള പുച്ഛവും പാടില്ലെന്നുള്ള നഗ്നസത്യം പ്രളയം നമ്മെ പഠിപ്പിച്ചു. ചങ്ങാടം കൊണ്ടുവന്നുരക്ഷപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഞങ്ങൾ വരുന്നില്ലെന്ന പറഞ്ഞവരും ഇല്ലാതില്ല. ജീവനും കൊണ്ട് രക്ഷപ്പെടുവാൻ പറയുമ്പോൾ തങ്ങളുടെ സമ്പാദ്യത്തെ വിട്ടുപോകുവാൻ മടിക്കുന്നവരാണ് അധി കവും. ഒരു ദിവസം ഈ ലോകത്തിലെ സകല സമ്പത്തുകളും ഉപേക്ഷിച്ച് നാം പോകേണ്ടിവരുമെന്നു പ്രളയം നമ്മെ പഠിപ്പിച്ചു. മുന്നറിയിപ്പുകൾ പലതും ലഭിച്ചപ്പോൾ അതിനു വിലകൽപ്പിക്കാതെ പോയവർ അതിനു വില കൊടുക്കേണ്ടിവന്നു പ്രളയം മനുഷ്യന്റെ അഹങ്കാരവും ആർഭാടവും കുറച്ചു പ്രളയം മനു

# സമൃദ്ധിയുടെ ലോകം

പ്രപഞ്ചത്തിൽ സമൃദ്ധി അനന്തമായുണ്ട് ആരും മറ്റുള്ളവരുടേത് എടുക്കേണ്ട കാര്യമില്ല എല്ലാവർക്കും സമൃദ്ധി സൃഷ്ടിക്കാൻ കഴിഞ്ഞാൽ സംഘർഷണത്തിനും യുദ്ധത്തിനും പ്രസക്തി ഇല്ലാതാവും. ഈ പ്രപഞ്ച ബുദ്ധിയുടെ ഒരു കണിക പരിണാമത്തിലൂടെ നിങ്ങളിലേക്കും കുടിയേറിയിട്ടുണ്ട്. ഒരു മുറി നിറയെ റോസാ പുഷ്പങ്ങളാണെങ്കിൽ അതിന്റെ സൗരഭ്യം അടുത്തുള്ള പ്രദേശമൊക്കെ പ്രാപിക്കുന്നതുപോലെ നിങ്ങളുടെ അന്തസത്തയിലടങ്ങിയിരിക്കുന്ന സമൃദ്ധി നിങ്ങളുടെ ഓരേ ചിന്തയെയും ഓരേ കോശത്തെയും സമൃദ്ധി യുടെയും പരിമളത്താൽ നിറയ്ക്കാതിരിക്കില്ല.

ശ്രീലക്ഷ്മി V.S
9 A

# ഒഴുകാൻ മറന്നപുഴ

## ഇന്നത്തെ അവസ്ഥ

പുഴ,

ഭൂമിയിലുള്ള ജീവന്റെ തുടിപ്പ്,

പണ്ട് കഥകളിൽ പറഞ്ഞുകേട്ട പുഴയ്ക്ക്

ഒരു താളമുണ്ടായിരുന്നു, ജീവനുണ്ടായിരുന്നു.

മണ്ണിനെയും ചെടികളെയും കുളിരണിയിച്ച്

കടന്നു പോയ ഈ പുഴയില്ല ഇന്നില്ല....

പുഴ ഒഴുകാൻ മറന്നു പോയിരുന്നു....

മനുഷ്യന്റെ താളത്തിനൊപ്പം ഒഴുകാൻ

പുഴക്ക് സാധിച്ചില്ല

പുഴ ഒഴുകാൻ മറന്നു പോയിരിക്കുന്ന

ഇതൊരു പക്ഷേ പുഴയുടെ പ്രതികാരവുമാവാം

മനുഷ്യന്റെ പ്രവൃത്തികൾക്കു നേരെയുള്ള

പുഴയുടെ സമരം

# മാണിക്യവീണ

വന്ദനം വന്ദനം ! വാർമെത്തും ദ്രാവിഡ
നന്ദിനിയായി വളർന്ന ഭാഷേ
വന്ദനം വന്ദനം ! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ
ജീവനു നൂതനോന്മേഷം പകർന്നിടും
ദേവാഭാഷാമൃതം ചേർന്ന ഭാഷേ
നിന്മുലപ്പാലിന്റെ  വീര്യമുൾക്കൊണ്ടതെൻ
ജന്മ ജന്മാന്തര പുണ്യമല്ലേ

വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹര ഭാഷയുണ്ടോ
താളമിട്ടാടുന്നു തെങ്കടൽക്കല്ലോല–
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ:
താന്മായ്ത്തീരുന്നു നാളികേര ദ്രുമ–
താലപത്രാന്തരമാർമ്മരങ്ങൾ
ആനന്ദരാഗങ്ങൾ മൂളുന്നു നീളുന്ന
കാനനപ്പൊൽക്കുളിൽച്ചോലയെല്ലാം
ത്വൽ കർമ്മ മണ്ഡലം വിസ്തൃതമല്ലൊരു
കൈക്കുടവട്ടമാണായിരിക്കാം
എങ്കിലും  നിൻ കീർത്തിയെത്താത്തതെങ്ങുവാൻ?
ശങ്കരദേശിക ദേശഭാഷേ
അന്തരീക്ഷത്തിൽ സുഗന്ധം പരക്കുമാ–
നെന്തിനു കസ്തൂരി യേറെയോർത്താൽ?
ചിത്രവർണോജ്ജ്വലേ, നിൻ പുഷ്പവാടിയി–
ലെത്ര വസ്ത്രങ്ങൾ വന്നതില്ല?
ഹൃത്തിലൊതുങ്ങാത്തൊരാവേശമാർന്നുകൊ–
ണ്ടെത്ര കുയിലുകൾ കൂകിയില്ല?
മട്ടോലും പൂക്കളെചുറ്റിപ്പറന്നെത്ര
മത്തഭൃംഗങ്ങൾ മുരണ്ടതില?
അമ്മധുമാസവിഭൂതികളൊക്കെയും
രമ്യതചേർത്തീതില്ലേത്ര നിന്നിൽ?
ആവർത്തിച്ചീടട്ടെ പിന്നെയും പിന്നെയും–

# കോപ്പിയടി

മോഹൻദാസിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസ കാലം സ്ക്കുൾ  പരീക്ഷയ്ക്കായി അന്നത്തെ ഇൻസ്പെകാടറായ മിസ്റ്റർ ഗയിൽസ് വിദ്യാലയത്തിലെത്തി ഓരോ ക്ലാസുകളായി പരിശോധിച്ചുവന്ന അദ്ദേഹം മോഹൻദാസിന്റെ ക്ലാസിലുമെത്തി ഇംഗ്ലീഷിലെ അഞ്ചു വാക്കുകൾ കേട്ടെഴുത്തു നൽകിയാണ് അദ്ദേഹം ആ ക്ലാസിൽ പരീഷ നടത്തിയത്. അക്ഷരപിശകു വരുത്തുന്നവരെ കണ്ടുപിടിക്കാനുള്ള ഒരു പരീക്ഷ.

മിസ്റ്റർ ഗയിൽസ് നൽകിയ അഞ്ചു വാക്കുകളിൽ ‘കെറ്റിൽ‘ എന്ന വാക്കുണ്ടായിരുന്നു. പ്രസ്തുത വാക്കിലെ ശരിയായ അക്ഷരങ്ങൾ അറിയാതിരുന്ന മോഹൻദാസ് ആ വാക്ക് തെറ്റിയാണ് എഴുതിയത്. ഓരോ കുട്ടിയും എഴുതിയിരുന്നത് ശ്രദ്ധിച്ചു നടന്ന ക്ലാസ് മാസ്റ്റർ മോഹൻദാസ് ‘കെറ്റിൽ‘ എന്ന വാക്ക് തെറ്റി എഴുതിയതു കണ്ടു.  തന്റെ ബുട്ട്സിന്റെ അറ്റം കൊണ്ട് തറയിൽ എഴുതിക്കാണിച്ച് മോഹൻദാസിന് അവന്റെ തെറ്റു തിരുത്തുവാനുള്ള നിർദ്ദേശം, ഇൻസ്പെക്ടർ അറിയാതെ അദ്ദേഹം കൊടുത്തു കൊണ്ടിരുന്നു. മോഹൻദാസ് അതു ശ്രദ്ധിച്ചുവെങ്കിലും തെറ്റു തിരുത്തുകയുണ്ടായില്ല താൻ കൊടുത്ത നിർദ്ദേശം മോഹൻദാസിനു മനസ്സിലാവാത്തതു കൊണ്ടാവണം തെറ്റു തിരുത്താതിരുന്നതെന്നു കരുതി  മാസ്റ്റർ മോഹൻദാസിന്റെ ശ്രദ്ധ അവന്റെ അടുത്തുള്ള കുട്ടിയുടെ സ്ലേറ്റിലേക്കു ആകർഷിച്ചു ആ കുട്ടിയുടെ സ്ലേറ്റിൽ നിന്നും കോപ്പിയടിക്കുവാൻ മാസ്റ്റർ കഴിയുന്നത്ര രഹസ്യമായി മോഹൻദാസിനെ പ്രേരിപ്പിച്ചി നോക്കി. പക്ഷേ യാതൊരു ഫലവുമുണ്ടായില്ല. താൻ എഴുതിയ വാക്ക് തെറ്റാണെന്ന് വ്യക്തമായി അറിയാവുന്ന മോഹൻദാസ് മാസ്റ്ററുടെ നിർദേശമുണ്ടായിട്ടുപോലും  കോപ്പിയടിക്കുവാൻ തയ്യാറായില്ല. അതിന്റെ ഫലമോ? മറ്റുള്ള കുട്ടികളുടെ അഞ്ചു വാക്കുകളും ശരിയായപ്പോൾ മോഹൻദാസിനു നാലു വാക്കുകൾ മാത്രം ശരി.

അധ്യാപൻ നിർബന്ധിച്ചിട്ടുപോലും കോപ്പിയടിക്കാതിരുന്ന  ആ മോഹൻദാസാണ് പില്ക്കാലത്ത് നമ്മുടെ രാഷ്ട്രപിതാവായിത്തീർന്ന മഹാത്മാഗാന്ധി.

വൈഷ്ണവ് വി.വി
9 A

# പ്രളയത്തിൽ മുങ്ങിയകേരളം

ഇക്കൊല്ലം നമ്മക്ക്

ആഘോഷം ഇല്ലല്ലോ....

മാവേലിതമ്പുരാൻ നാടുകാണാൻ വന്ന

നേരത്ത് നമ്മൾ ഇനിയെന്തുചെയ്യു.

അത്തക്കളമെഴുതാൻ മുറ്റമില്ല

മാറ്റിയുടുക്കുവാൻ വസ്ത്രമില്ല

കേറിക്കിടക്കുവാൻ ഇടമില്ല

എല്ലാം പ്രളയത്തിൽ മുങ്ങിപ്പോയി

ഇക്കാലമത്രയും നേടിയ സമ്പാദ്യം

ഒറ്റമഴയിലൊലിച്ചുപോയി

തേടിപ്പിടിച്ചതും തട്ടിപ്പറിച്ചതും

ഒക്കെയും തമ്പുരാൻ കൊണ്ടുപോയി

ദരിദ്രരില്ല സമ്പന്നരില്ല

എല്ലാം ഒരേ കുടകീഴിൽ വന്നു

ഒരിറ്റു ഭാവിജലത്തിനായ്

കേഴുന്നുകാഴ്ച നാം കണ്ടതല്ലേ

തമ്പുരാൻ തന്നൊരു സമ്പാദ്യത്തിനായ്

മിച്ചമായ്കിട്ടിതൻ ജീവൻ മാത്രം

ആശമരവിച്ചൊരു നേരത്ത്

തോണിയുമായ് എത്തി ദൈവദൂതൻ

അലറിയടിക്കും തിരമാലയിൽ

അമ്മാനമാടിടും തൻ ജീവിതം

പുല്ലുവിലപോലും കൽപ്പിക്കാതെ

തോണിയിറക്കി പ്രളയത്തിലും

ദൈവത്തിന്റെ സ്വന്തം നാടായ കേരളം

ദൈവത്തിനായ് തല്ല് കൂടിടല്ലേ

ഇനിയുള്ള ജീവിതം നാടിന്റെ നന്മക്ക്

പുതിയൊരു ജീവിതം പടത്തുടർത്താം

അശ്വിൻ വിജയ്

# കേളികൊട്ട്

**മേളപ്പെരുക്കങ്ങളുടെ**

**വാതായനത്തിനു മുമ്പിൻ**

**തിരിതെളിഞ്ഞു കഴിഞ്ഞു**

**ഗുരുവന്ദനം നടത്തി,**

**വാദ്യങ്ങളെ ഒച്ചപ്പെടുത്തി**

**ആഘോഷങ്ങളുടെ പുതിയ**

**യാത്രയ്ക്കൊരുങ്ങാം**

**വിമമോൾ. സി.വി**

**9** A

# അക്ഷരം

അക്ഷരമെന്നാലറിവിന്നറയുടെ

താക്കോലല്ലോ– അതു

കൈവശമാക്കിയ മാർത്യനു ലോകം

സുഖമയമല്ലോ!

മന്നിലെയിരുളിനെ നീക്കീടുന്നു

സൂര്യവെളിച്ചം

മനസ്സിലെയിരുളിനെയകലത്താക്കുവ–

തക്ഷരദീപം!

കത്തെഴുതാനും വായിക്കാനും

കഴിയാത്തോരോ

കഷ്ടം! കുണ്ടുകിണറ്റിൽ വസിക്കും

തവളകളല്ലോ

ഇത്തിരിയുള്ളൊരുലോകം വലുതായ്–

ക്കാണാമല്ലോ!

നട്ടെല്ലല്പം വളയാതാരുടെ

മുന്നിൽച്ചെന്നും

നമ്മുടെ കാര്യം പറയാൻ ധൈര്യം

കിട്ടിടുമാർക്കും!

നമ്മിൽ  മറഞ്ഞുകിടക്കും കഴിവുകൾ

പോട്ടി മുളയ്ക്കാൻ

നന്മകളേതെന്നറിയാനക്ഷരം

മന്ത്രം വേണം!

(അക്ഷരമെന്നാ)

Adithyan T.R

# ദുഷ്ടതയുടെ ഫലം

ഒരിടത്ത് ഒരു കാട്ടിൽ രണ്ടു സുഹൃത്തുക്കൾ താമസിചിരുന്നു. കോലൻ പാമ്പും ഉണ്ടക്കണ്ണിത്തവളയും കോലൻ മഹാകൗശലക്കാരനായിരുന്നു. ഉണ്ടക്കണ്ണിയാകട്ടെ പവവും കോലനുമായുള്ള ചങ്ങാത്തം നല്ലതല്ലല്ലെന്ന് എല്ലാവരും ഉണ്ടക്കണ്ണിയെ ഉപദേശിച്ചു പക്ഷേ അവൾ അതൊന്നു ചെവിക്കൊണ്ടില്ല മാത്രമല്ല കോലനെ കണ്ണടച്ചു വിശ്വസിക്കുകയും ചെയ്തു.

അങ്ങനെയിരിക്കെ ഉണ്ടക്കണ്ണിക്ക് മൂന്നു കുഞ്ഞുങ്ങളുണ്ടായി കോലൻ ഉണ്ടക്കണ്ണിയുടെ വീട്ടിൽ വന്ന് കുഞ്ഞുങ്ങളെ കളിപ്പിച്ചു അവർക്ക് ധാരാളം സമ്മാനങ്ങളും നൽകി ഇത്രയും നല്ല സുഹൃത്തിനെ കുറിച്ചാണല്ലോ മറ്റുള്ളവർ അപവാദം പറഞ്ഞതെന്ന് ഉണ്ടക്കണ്ണി ഓർത്തു ഒരു ദിവസം അവൾ ഇരതേടി പുറത്തേക്ക് പോയി ആ തക്കം നോക്കി കോലൻ ഉണ്ടക്കണ്ണിയുടെ വീട്ടിലെത്തി കുഞ്ഞുങ്ങളെ അകത്താക്കി ആഹാരവുമായി എത്തിയ ഉണ്ണക്കണ്ണി കുഞ്ഞുങ്ങളെ കാണാതെ അലമുറയിട്ടു. ഉടനെ അവിടെയെത്തിയ കോലൻ പറഞ്ഞു ഉണ്ടക്കണ്ണി നമ്മുടെ ശത്രുവായ ചെമ്പൻ പരുന്താണ് നിന്റെ കുഞ്ഞുങ്ങളെ കൊണ്ടുപോയത് ആകെ തളർന്ന ഉണ്ടക്കണ്ണിയെ കോലൻ ആശ്വസിപ്പിച്ചു.

ദിവസങ്ങൾ കഴിഞ്ഞു ഉണ്ടക്കണ്ണിക്ക് വീണ്ടും കുഞ്ഞുങ്ങൾ ഉണ്ടാകാറായി പക്ഷേ എന്തു ചെയ്യും? ചെമ്പൻ പരുന്തിന്റെ ശല്യം കാരണം ഒറ്റ കുഞ്ഞിനെ പോലും കിട്ടില്ല ഒറ്റ വഴിയേയുള്ളു ചെമ്പൻ പരുന്തിനെ ചെന്നുകണ്ട് കുഞ്ഞുങ്ങളെ തട്ടിയെടുക്കരുതെന്ന് അപേക്ഷിക്കാം അങ്ങനെ അവൾ ചെമ്പനെ ചെന്നുകണ്ടു കരഞ്ഞപേക്ഷിച്ചു ചെമ്പനാകട്ടെ അന്തിച്ചുപോയി. വിവരം അറിഞ്ഞപ്പോൾ പരുന്ത് പറഞ്ഞു ഇത് നിന്റെ കൂട്ടുകാരൻ കോലന്റെ പണിയാണ് മഹാചതിയനാണവൻ ആ വാക്കുകൾ കേട്ട് ഉണ്ടക്കണ്ണി സ്തംഭിച്ചു പോയി ചെമ്പൻ പരുന്ത് കോലനെകുറിച്ച് കൂടുതൽ വിവരങ്ങൾ പറഞ്ഞ് അവളെ വിശ്വസിപ്പിച്ചു. ചെമ്പൻ പറഞ്ഞു അവനെ ഒരു പാഠം പഠിപ്പിക്കണം ഏതായാലും ഞാൻ പറയുന്നതു പോലെ ചെയ്യുക

ചെമ്പൻ പറഞ്ഞതുപോലെ ഉണ്ടക്കണ്ണികോലനെ സമീപിച്ചു പറഞ്ഞു കോലൻ ചേട്ടാ ഞാൻ ഇരതേടാൻ പോയ കാടിനടുത്ത് ഒരു മരപ്പൊത്തിൽ കുറേ മുട്ടകളരിക്കുന്നതുകണ്ടു ചേട്ടന് മുട്ട വലിയ ഇഷ്ടമല്ലേ എന്റെ കൂടെ വരു സ്ഥലം കാണിച്ചുതരാം.

ഇതുകേട്ട് സന്തോഷത്തോടെ കോലൻ ഉണ്ടക്കണ്ണിയോടൊപ്പം പുറപ്പെട്ടു ഒരു വലിയമരത്തിനു ചുവട്ടിലെത്തിയപ്പോൾ ഉണ്ടക്കണ്ണി പൊത്തിലേക്ക് ചൂണ്ടികാട്ടി മുട്ട അകത്താകാനായി ഉള്ളിലേക്ക് കയറി ദൗർഭാഗ്യമെന്നു പറയട്ടെ അതിൽ ഒരു കീരിയുണ്ടായിരുന്നു അതിനുള്ളിൽ ഒളിച്ചിരുന്ന വമ്പൻ കീരി കോലന്റെ കഥകഴിച്ചു ചെമ്പൻ പരുന്തിന്റെ നിർദേശമനുസരിച്ച് അവന്റെ സുഹൃത്തായ വമ്പൻ കീരി അതിനുള്ളിൽ ഒളിച്ചിരുന്ന വിവരം ദുഷ്ടൻ കോലനുണ്ടോ അറിയുന്നു പീന്നീട് ഉണ്ടക്കണ്ണിയും കുട്ടികളും ആരുംടേയും ശല്യമിലാതെ സുഖമായി ജീവിച്ചു.

# വിശപ്പിന്റെ വിളി

വീട്ടിൽ ഉണ്ണി എന്ന പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവന്റെ അച്ഛനും അമ്മയും ജോലിക്കാരും പൈസയുള്ളവരും മായിരുന്നു. അമ്മയും അച്ഛനും അവനെ ഭക്ഷണം കൊടുക്കും മായിരുന്നു. പക്ഷെ അവനാകട്ടെ  ഇഷ്ട്ടമുളളഭക്ഷണം മാത്രമേ കഴിക്കുമായിരുന്നുള്ളു ഒരു ദിവസം അച്ഛൻ വീട്ടിൽ വന്നപ്പോൾ അവൻ ഭക്ഷണപാത്രം കൈകൊണ്ടു തട്ടി എറിഞ്ഞുകളയുന്നതായി കണ്ടു. ദേഷ്യത്തോടെ അവനെ വഴക്കു പറഞ്ഞു അവൻ ഭക്ഷണം വേണ്ടന്ന് പറഞ്ഞ് പോയ് കിടന്നുറങ്ങി. കുറച്ച് കഴിഞ്ഞ് അച്ഛൻ അവന്റെ അടുത്ത് ചെന്ന് നമ്മുക്ക് ഒരിടം പോകാമെന്ന് പറഞ്ഞു, അച്ഛൻ ബൈക്ക് എടുത്ത് അവനെയും കൊണ്ട് യാത്രയായി. ഈലോകത്ത് ഭക്ഷണവും വസ്ത്രവും ഇല്ലാതെ കഷ്ടപ്പെടുന്ന അവർ ഒരു കടതിണ്ണയിൽ വണ്ടിനിർത്തി അവിടെയിറങ്ങി രണ്ട് കുട്ടികൾ കീറിയ വസ്ത്രവും ദേനീയമായ അവരുടെ നോട്ടവും കണ്ട് കൊണ്ട് അച്ഛൻ കൈയ്യിൽ കരുതിയ പൊതിച്ചോറ് അവർക്ക് നൽകി അവർ ആർത്തിയൊടെ അത് കഴിച്ചു. വിശപ്പിന്റെ വില അവൻ തിരിച്ചറിഞ്ഞു പിന്നീട് അവൻ ഭക്ഷണത്തിനുമുൻപിൽ  വാശി കാണിച്ചിട്ടില്ല. ഭക്ഷണം ദൈവതുല്യ മാണെന്ന് അവൻ മനസ്സിലാക്കി.

# ദൈവത്തിന്റെ മുഖം

**The only "Love". I Really "Love". Is my mother "Love"**ശരിയാണ്. നിങ്ങൾ എപ്പോഴെങ്കിലും നിങ്ങളുടെ അമ്മയെ സ്നേഹിച്ചിട്ടുണ്ടോ. ഇല്ലേങ്കിൽ ഒന്നു സ്നേഹിച്ചു നോക്കു ഞാൻ ഇപ്പോൾ ഈ സ്നേഹ ത്തിലാണ്.

**yes, I am in Love with my mother......**

കഥ മുഴുവൻ ഒരു **Dark** ആ................

ഇരുട്ടായിരുന്ന എന്റെ ജീവിതത്തെ തിരിച്ചു കൊണ്ടുവന്നന്ന് വെളിച്ചവും നിറഞ്ഞ എന്റെ അമ്മയുടെ സ്നേഹമാണ് എന്റെ അമ്മയ്ക്ക് എന്നെ കുറിച്ച് കൂറെ സ്വപനങ്ങൾ ഉണ്ട് പക്ഷെ എനിക്ക് എന്റെ സ്വപ്നം മാത്രം ഉണ്ടായിരുന്നുള്ളു. ഞാൻ കോളേജിൽ പോകുന്ന കാലം ഞാൻ ആദ്യമായി അവളെ കണ്ടു അശ്വതി....**1st sigh Love**. ഈ എന്നെക്കെ പറയില്ലെ അത് എന്റെ ജീവിതത്തിൽ ഉണ്ടായി അന്ന് ആദ്യ മായി അവൾ എന്നെ നോക്കി ചിരിച്ചു. അതിൽ ഞാൻ വീണുപോയി. പിന്നെ **full** അങ്ങോട്ട് **Romnce** ഒരു **Love story** പോലെ അത് ഞാൻ ആസ്വാതിച്ചു ആ വികാരം എന്നെ വേറെ ഒരാൾ ആക്കി മാറ്റി. പിന്നെ എന്റെ **Chunkzz.** പുതിയ പുതിയ മാറ്റങ്ങൾ പുതിയ ആചാരങ്ങൾ ആണ് എന്റെ കൂട്ട് എന്റെ സീനിയൻ ചേട്ടൻമാരോടായിരുന്നു. എന്തിനു ഏതിനും കൂട്ടിനുള്ള ഇരട്ട**chunk** ഉള്ള ചേട്ടന്മാർ 6 മാസങ്ങൾ കഴിഞ്ഞു ഒരറ്റത്ത് സ്നേഹിക്കുന്ന പെൺകുട്ടി മറ്റോരിടത്ത് കൂട്ടുകാർ ഇതിൽ ഞാൻ എന്റെ അമ്മയെ മറന്നു.

അന്നാണ് എന്റെ **22th Birthday** മറക്കാൻ പറ്റാത്ത ദിവസം ആഘോഷിക്കാൻ അശ്വതി വന്നി രുന്നു നിന്റെ കൈ എന്റ കൈയിൽ പിടിച്ചാമതി അപ്പോ ഞാൻ**safe** ആയി. എന്നു പറഞ്ഞുകൊണ്ട് അവൾ നേറ്റിയിൽ ഒരു ഉമ്മ തന്നു. അത് എന്നെ കൊണ്ടുചെന്നെത്തിച്ചത് എന്റെ അമ്മയിലെക്കാണ്. ഞാൻ യാത്ര തുടങ്ങുകയാണ് എന്റെ അമ്മയുടെ അടുത്തേക്ക് അമ്മയുടെ കൈ പിടിച്ച് ചെറുപ്പത്തിൽ നടക്കുമ്പോൾ ഒരി ക്കലും ഞാൻ അമ്മയുടെ കൈ പിടിച്ചതായി ഓർക്കുന്നില്ല. സ്നേഹിച്ചപെണ്ണ് എന്റെ അമ്മ അത് ഒരു സംര ക്ഷണം അല്ല ഒരു വിശ്വാസം ആണ് അമ്മയ്ക്ക് എന്ത് സംഭവിച്ചാലും ആ കൈ വിടില്ലാ എന്ന് എന്റെ ചെറു പ്പം തൊട്ടുള്ള ദൈര്യം എന്റെ അമ്മ, ഞാൻ വീട്ടിൽ എത്തി എനിക്ക് എന്തോ ഒരു അകൽച്ച ഫീൽ ചെയ്തു നിങ്ങൾ നിങ്ങളുടെ കൂട്ടുക്കാർക്കൊപ്പം സമയം ചിലവഴിച്ചിട്ടുണ്ടാവാം അന്ന് ഞാൻ അമ്മയുടെ ഒപ്പം സമയം ചിലവഴിച്ചു അന്ന് അമ്മ പറഞ്ഞു. ഇന്ന് നീ എനിക്കായ് ജീവിച്ചു എന്നേ ഇന്ന് നീ സന്തോഷിപ്പിച്ചു അത് മതി അമ്മയ്ക്ക്. അന്ന് ഞാൻ കണ്ടു എനിക്ക് വേണ്ടി ജീവിച്ച എന്റെ ദൈവത്തിന്റെ മുഖം.

നിങ്ങൾ ഒരു ദിവസം നിങ്ങളുടെ അച്ഛൻ അമ്മ മാർക്കു വേണ്ടി ചില വഴിക്കു

''അമ്മ'' ഒരു പകരക്കാർക്കും നൽകാൻ പറ്റാത്ത സ്നേഹം

**the purest love in the world..............**

# കഥ

പണ്ട് പണ്ട് ഒരു കാട്ടിൽ നല്ല സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ആ കൂട്ടുകൾ കുറുക്കനും കോഴിയും എല്ലാവരും അവരുടെ ആ സുഹൃത്ത് ബന്ധത്തെ അസൂയയോടെ കാണാൻ തുടങ്ങി അങ്ങനെ ഒരു ദിവസം രണ്ടു പേരും കൂടി മീൻ പിടിക്കുന്നതിനായി പോയി. എന്നാൽ കുറുക്കന്റെ മനസ്സിൽ മീൻ പിടിക്കുക എന്നതു മാത്രമല്ലായിരുന്നു അവന്റെ ആഗ്രഹം. അങ്ങനെ അവർ മീൻ പിടിച്ചു മീൻ കറിവച്ച് കഴിക്കുന്ന സമയത്ത് തൊണ്ടയിൽ മുള്ള് കുടുങ്ങി എന്ന കാര്യം അഭിനയിച്ചു. എന്നിട്ട് കോഴിയോട് പറഞ്ഞു നീ എന്റഎ തൊണ്ടയിലെ മുള്ള് എടുത്ത് തരുമോ എന്ന് പാവം കോഴി അതു കേട്ട് കോഴി കുറുക്കന്റെ വായിൽ തലയിട്ടത്തും കോഴിയെ കുറുക്കൻ കറുവുറെ കറുവുറെ കടിച്ചു തിന്നു.

AMAL BIJU

# കഥ

ഒരിടത്ത് ഒരിടത്ത് ഒരു പാവപ്പെട്ട കൃഷിക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു അവി വിവാഹിതനായിരുന്നു. അദ്ദേഹത്തിന് സ്വന്തമെന്നു പറയാൻ രണ്ടു മുട്ടനാടുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ അപ്രതിക്ഷ്യമായിട്ടാണ് ഒരു അതിമോഹിയും ക്രൂരനുമായ ഒരു ചെന്നായ കയറിവന്നത്. എന്നാൽ പാവം കൃഷിക്കാരനും രണ്ട് മുട്ടനാടുകളും ആ ചെന്നായയെ അമിതമായി വിശ്വസിക്കുകയും അതിനെ അവരുടെ കൂടെ സ്വന്തം കുടുംബാഗമായി ചേർത്തു. എന്നാൽ ആ ചെന്നായയുടെ മനസ്സിലെ ആഗ്രഹം ആ രണ്ട് മുട്ടനാടുകളെ തമ്മിൽ തല്ലിച്ച് അവരുടെ ചോര കുടിക്കുക  എന്നതായിരുന്നു. ഒരു ദിവസം ആ ചെന്നായ ആ മുട്ടനാടുകളോട് ചോദിച്ചു നിങ്ങളിൽ ബലം കൂടുതൽ  ആരാണെന്ന് ചോദിച്ചു. രണ്ടു മുട്ടനാടുകളും തമ്മിൽ തർക്കമായി അപ്പോൾ ആ ചെന്നായ പറഞ്ഞു നിങ്ങൾ മത്സരിച്ചു നോക്കു എന്ന് അങ്ങനെ രണ്ടുപേരും തലകൂട്ടിയിടിപ്പിക്കാൻ തുടങ്ങി അങ്ങനെ രണ്ടുപേരുടേയും തല പൊട്ടി ചോര നെലത്ത് വീണു അതു കണ്ടതും ചെന്നായ ഓടിച്ചെന്ന് അത് നക്കിക്കുടിച്ചു ചെന്നായയുടെ ചതി മനസ്സിലാക്കി മുട്ടനാടുകൾ അവനെ കൊന്നു.

# എങ്ങുപോയി?

ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടുനു വേണ്ടു മധു നിറച്ചു
ദന്തങ്ങൾ പോയ്ക്കവിളൊട്ടിപ്പോയ
കുന്നിനു യൗവനകാന്തി നൽകി
ഓടി നടന്നു കളിച്ചു മന്നിൽ
വാടി പുതുക്കും വെയിൽനാളങ്ങൾ
പൊന്നിൻ കസവുകൾ നെയ്തുതള്ളും
മഞ്ഞമുകിലിലൊളിഞ്ഞു നിന്നു
ചച്ചിലകൂമ്പിളിൽ പ്പുവറുത്തി-
ട്ടുന്ദ്രാസേന്ധ്യ തളർന്നു നിന്നു
അന്നിവെട്ടത്തോയെത്തെത്തി ഞാൻ
മന്നത്തെയോണം നുകുന്ന നാട്ടിൽ
പേരിൽ പഴങ്കഥപ്പാട്ടു പാടി
പേരാറലകൾ കളിക്കും നാട്ടിൽ
കൈതമയർമ്മണം തേവി നിൽക്കും
തൈത്തെന്നൽ തോഴനായ് വാണനാട്ടിൽ
അൻപിൻ പൂപ്പുംഞ്ചിരിപ്പോറ്റിപ്പോരും
തുമ്പകൾ മാടിവിളിക്കും നാട്ടിൽ
പച്ചിലക്കാടിൽ കടവു താണ്ടി
പൈങ്കിളിപ്പാട്ടു വിതയ്ക്കും നാട്ടിൽ
കാവിൽ നടകളിലാണ്ടുതോറും
വേയപൂരങ്ങൾ നിരക്കും നാട്ടിൽ
സത്വസംസകാരത്തിടമ്പിൻ മുമ്പിൽ
വട്ട കൊടാവിളക്കെങ്ങുപോയി
നാടിൻ മുഖത്തെപ്പരിവേഷങ്ങൾ
ചൂഴുമഴകൊളിയെങ്ങുപോയി?

ആതിര E.R